**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1571** **12-02-2025 - ൽ മറുപടിയ്ക്ക്**

**പുതുപ്പള്ളി വെണ്ണിമല ക്ഷേത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തിയ പുതുപ്പള്ളി വെണ്ണിമല ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന് വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പുതുപ്പള്ളി വെന്നിമല ശ്രീരാമ ലക്ഷ്മണ സ്വാമി ക്ഷേത്രത്തിന്റെ അടിയന്തിര സംരക്ഷണ പ്രവൃത്തികൾക്കായി 48,00,000/- രൂപയുടെ ഭരണാനുമതി നൽകിയതിൻ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ 47,35,933/-രൂപയുടെ പ്രവൃത്തി നിർവഹിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്രമതിലിന്റെ അറ്റകുറ്റപ്രവൃത്തികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 3,77,358/-രൂപയും വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്ഷേത്രത്തിൽ അവശേഷിക്കുന്ന പുനരുദ്ധാരണപ്രവൃത്തികൾ എന്തൊക്കെയെന്നും അവ എപ്പോൾ പൂർത്തിയാക്കുമെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത ക്ഷേത്രത്തിലെ അവശേഷിക്കുന്ന സംരക്ഷണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുരാവസ്തു വകുപ്പ് തയ്യാറാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത ക്ഷേത്രത്തിന്റെ കൂത്തമ്പലം കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെ നിർവഹണ ഏജൻസിയാക്കിക്കൊണ്ട് നവീകരണ പ്രവൃത്തികൾ ചെയ്തുതരണമെന്ന ആവശ്യം ഉന്നയിച്ച് വകുപ്പിന്റെ അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഈ ഫണ്ട് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെന്നിമല ശ്രീരാമ ലക്ഷ്മണ സ്വാമി ക്ഷേത്രത്തിന്റെ കൂത്തമ്പലം കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ നിർവ്വഹണ എജൻസിയാക്കി ജീർണ്ണോദ്ധാരണ നവീകരണ പ്രവൃത്തികൾ ചെയ്യുന്നല്ലാമെന്ന് സ്ഥലം എം.എൽ.എ. അഡ്വ. ചാണ്ടി ഉമ്മൻ ക്ഷേത്ര സേവാ സമിതിയെ അറിയിച്ചിട്ടുണ്ടെന്നും, ക്ഷേത്രത്തിന്റെ പൈതൃക സ്വഭാവം നിലനിർത്തി നവീകരണം നടത്തുന്നതിന് അനുവാദം നൽകണമെന്നും കാണിച്ച് വെന്നിമല ശ്രീരാമ ലക്ഷ്മണ സ്വാമി ക്ഷേത്രം ഭാരവാഹികൾ പുരാവസ്തു വകുപ്പിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ വകുപ്പിന്റെ സംരക്ഷിത സ്മാരകത്തിൽ ഏതൊരു പ്രവൃത്തിയും വകുപ്പിന്റെ അനുമതിയോടെയും, അംഗീകാരത്തോടെയും, മേൽനോട്ടത്തിലും മാത്രമേ സാധ്യമാകുകയുള്ളൂ. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിവരം ക്ഷേത്രഭാരവാഹികളെ അറിയിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ